നം: ഇ.എക്സ്/എ4/78139/2011/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂ പ്പുര,
തിരുവനന്തപുരം - 695 012
തീയതി: 18/01/2012

# സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2012 - നിരന്തരമൂല്യനിർണ്ണയ സ്കോർ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ ആഫീസിൽ നിന്നുള്ള 22/10/2011 ലെ Ex/CGI(1)/41414/2011-ാം നമ്പർ എസ്.എസ്.എൽ.സി പരീക്ഷാ വിജ്ഞാപനം.

2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും താഴെപറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

1. 2012 മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ 31/01/2012 നു മുൻപായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനും അപ്പീലുകൾ ഉണ്ടെങ്കിൽ ആയവ യഥാസമയം തീർപ്പാക്കുന്നതിനും എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും അടിയന്തിര നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
2. ഈ വർഷം നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ പരീക്ഷാഭവനിലേക്ക് നൽകേണ്ടത് Online Software മുഖാന്തിരമാണ്. ഇതിനായി പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekshabhavan.in ഉപയോഗിക്കേണ്ടതാണ്.
3. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും രണ്ട് സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് (SITC) വീതം പരീക്ഷാ ഭവനിൽ നിന്ന് പരിശീലനം നൽകുന്നതാണ്. 27/01/2012 രാവിലെ 10 മണിക്ക് തിരുവനന്തപുരം കോട്ടൺ ഹിൽ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്ന CE Software Training ൽ പങ്കെടുക്കാൻ രണ്ട് സ്ക്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാരെ (SITC) വീതം തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്.
4. നിരന്തര മൂല്യനിർണ്ണയ സ്കോർ ഓൺലൈൻ എൻട്രിയിൽ ട്രെയിനിംഗ് ലഭിച്ച SITC മാർ വിദ്യാഭ്യാസജില്ലയിലുള്ള മുഴുവൻ സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാർക്കും 31/01/2012 ന് മുമ്പ് CE Mark Software സംബന്ധിച്ചുള്ള പരിശീലനം നൽകേണ്ടതാണ്. ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ടുമാരുടെ മേൽനോട്ടത്തിൽ സ്കോർ എൻട്രി നടത്തുമ്പോൾ സ്കൂളിന്റെ പേരും കുട്ടികളുടെ ബയോഡേറ്റായും ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറും പരീക്ഷാഭവന്റെ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്ന നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറും ഒന്നു തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ വെബ്സൈറ്റിലേക്ക് എൻട്രി നടത്തുന്നതിന് പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekshabhavan.in എന്ന വെബ്സൈറ്റിലാണ് പ്രവേശിക്കേണ്ടത്. ഇതിനായി വെബ്സൈറ്റിൽ കാണുന്ന CE Mark 2012 എന്ന link ൽ click ചെയ്ത് School Code-ഉം Password -ഉം നൽകി CE Marks എന്ന button click ചെയ്ത് CE Mark Entry ചെയ്യേണ്ടതാണ്. 31/01/2012 മുതൽ CE Marks Entry ചെയ്ത് തുടങ്ങാവുന്നതാണ്. 15/02/2012 വൈകുന്നേരം 5 മണിക്ക് മുമ്പ് മുഴുവൻ പരീക്ഷാർത്ഥികളുടെയും CE Mark Enter ചെയ്ത് തീർക്കേണ്ടതാണ്.
7. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ എൻട്രി നടത്തിയ ശേഷം സിസ്റ്റത്തിൽ നിന്നും പ്രിന്റ്ഔട്ട് എടുത്ത് പ്രസിദ്ധീകരിച്ച നിരന്തര മൂല്യനിർണ്ണയ സ്കോറുമായി പരിശോധിച്ച് തെറ്റുകൾ ഒന്നും ഇല്ലെന്ന് ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ട് മാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു ശേഷം വെബ്സൈറ്റിൽ CE Mark Confirm ചെയ്യേണ്ടതാണ്. Confirm ചെയ്തു കഴിഞ്ഞാൽ പിന്നെ CE Mark Edit ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല.
8. നിരന്തര മൂല്യനിർണ്ണയത്തിന്റെ പ്രിന്റ് ഔട്ട് (സിസ്റ്റത്തിൽ നിന്നും) എടുത്ത് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ കോപ്പി പരീക്ഷാഭവനിൽ നിന്നും നൽകുന്ന കവറിൽ സീൽ ചെയ്ത് 16/02/2012 വൈകുന്നേരം 5 മണിക്ക് മുമ്പ് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൽകേണ്ടതാണ്. ഇത് നൽകുമ്പോൾ ചീഫ് സൂപ്രണ്ട്മാർ സി.ഇ. മാർക്കുകളിൽ വ്യത്യാസമില്ലെന്നും അന്തിമമാണെന്നും ഉള്ള സർട്ടിഫിക്കറ്റ് കൂടി നൽകേണ്ടതാണ്.
9. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ അടങ്ങിയ കവറുകൾ ശേഖരിച്ചു കഴിഞ്ഞാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആയത് പരീക്ഷാഭവനിൽ നിന്നും നൽകുന്ന പെട്ടിയിലാക്കി പൂട്ടി സീൽ ചെയ്യേണ്ടതാണ്. ഇതിന്റെ താക്കോൽ പ്രത്യേക കവറിലാക്കി പരീക്ഷാഭവൻ ഉദ്യോഗസ്ഥർക്ക് പെട്ടിയോടൊപ്പം കൈമാറേണ്ടതാണ്. 17/02/2012-നു തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും CE Mark അടങ്ങിയ പെട്ടികൾ പരീക്ഷാഭവനിൽ നിന്നും ജീവനക്കാർ വന്ന് ശേഖരിക്കുന്നതാണ്.

Sd/-

**സെക്രട്ടറി**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

**എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും**

***സംശയങ്ങൾക്ക്***

**സിസ്റ്റംമാനേജർ** - 0471 2347232